"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ഉന്നത വിദ്യാഭ്യാസ വകുപ്പ് - സാങ്കേതിക വിദ്യാഭ്യാസം - ട്രേഡ് ഇൻസ്ട്രക്ടർ (ആട്ടോ മൊബൈൽ) തസ്തിക പുനർവിന്യാസം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉന്നതവിദ്യാഭ്യാസ (എൽ) വകുപ്പ്

**സ.ഉ.(സാധാ) നം.661/2021/ഉ.വി.വ** തീയതി,തിരുവനന്തപുരം, 06/05/2021

പരാമർശം:- 1 07.08.2017 ലെ സ.ഉ(അച്ചടി)102/2017/ധന നം ഉത്തരവ്

2 സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ 23.03.2021 ലെ എൽ1/41493/16/ഡിറ്റിഇ നം. കത്ത്

ഉത്തരവ്

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ കണ്ണൂർ സർക്കാർ എഞ്ചിനീയിംഗ് കോളേജിൽ മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ അധികമായി നിലനിൽക്കുന്ന ട്രേഡ് ഇൻസ്ട്രക്ടർ ( ആട്ടോ മൊബൈൽ ) എന്ന തസ്തിക ഇടുക്കി പൈനാവ് സർക്കാർ എഞ്ചിനീയറിംഗ് കോളേജിലേക്ക് സ്ഥിരമായി പുനർ വിന്യസിച്ചുകൊണ്ട് ഉത്തരവു നല്കുന്നതിന് ഡയറക്ടർ പരാമർശം (1) പ്രകാരം ശുപാർശ സമർപ്പിച്ചിരുന്നു . ഈ വിധത്തിൽ തസ്തിക പുനർ വിന്യാസം നടത്തുന്നതിലൂടെ സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഒന്നും തന്നെ ഉണ്ടാകുന്നതല്ല എന്നും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിരുന്നു

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു . കണ്ണൂർ സർക്കാർ എഞ്ചിനീയിംഗ് കോളേജിൽ മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ അധികമായി നിലനിൽക്കുന്ന ട്രേഡ് ഇൻസ്ട്രക്ടർ ( ആട്ടോ മൊബൈൽ) എന്ന തസ്തിക ഇടുക്കി പൈനാവ് സർക്കാർ എഞ്ചിനീയറിംഗ് കോളേജിലേക്ക് സ്ഥിരമായി പുനർ വിന്യസിച്ചുകൊണ്ട് ഉത്തരവു പുറപ്പെടുവിക്കുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**തരുൺ ലാൽ.എസ്**
**ജോയിന്റ് സെക്രട്ടറി**

1.സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ
2. പ്രിൻസിപ്പൽ , കണ്ണൂർ സർക്കാർ എഞ്ചിനീയിംഗ് കോളേജ്
3. പ്രിൻസിപ്പൽ , ഇടുക്കി പൈനാവ് സർക്കാർ എഞ്ചിനീയിംഗ് കോളേജ്
4..പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള തിരുവനന്തപുരം
5.അക്കൗണ്ടന്റ് ജനറൽ(എ&ഇ) ,കേരള കോട്ടയം
6.ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻ ഡിപ്പാർട്ട്മെന്റ് (I&PRD)
7.www.highereducation.kerala.gov.in
8.കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ